LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി.യുടെ പ്രവർത്തനങ്ങളിലെ കാലതാമസം

41 (46) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി.എസ്.സി.യുടെ പ്രവർത്തനങ്ങളിൽ കാലതാമസം വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗസറ്റ് വിജ്ഞാപനം നടത്തിയിട്ടും നാളിതുവരെ പരീക്ഷ നടത്താത്ത എത്ര കാറ്റഗറി ഉണ്ട് ; കാറ്റഗറി, തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) പരീക്ഷ നടത്തിയിട്ടും നാളിതുവരെ ഫലപ്രഖ്യാപനം നടത്താത്ത എത്ര തസ്തികകൾ ഉണ്ട് ; കാറ്റഗറി, തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടും നാളിതുവരെ ഒരു അഡ്വൈസ് പോലും ചെയ്യാത്ത എത്ര റാങ്ക് ലിസ്റ്റ് നിലവിലുണ്ട് ;

(ഇ) മേൽ സൂചിപ്പിച്ച അവസ്ഥ സംജാതമായതിന്റെ സാഹചര്യം പരിശോധിക്കുമോ ?

ഉത്തരം

(എ) പി.എസ്.സി.യുടെ പ്രവർത്തനങ്ങളിൽ അസ്വാഭാവികമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യനീതി വകുപ്പിലെ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ(സിഡിപിഒ) തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ്

42 (47) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പിലെ ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ (സി ഡി പി ഒ)തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും അതിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഓപ്പൺ വിഭാഗത്തിൽ 33-ാം നമ്പറായി വരേണ്ട മെയിൻ റൊട്ടേഷനിലെ 84-എസ്.സി. ആയി നിയമനം നൽകേണ്ട എസ്. ശ്രുതിയ്ക്ക് നിയമനം നൽകാതിരുന്നതിന്റെ കാരണം എന്താണ് ;

(സി) ഇതുമൂലം ഭരണഘടനാപരമായി എസ്.സി. വിഭാഗത്തിന് ലഭിക്കേണ്ട റിസർവ്വേഷൻ നഷ്ടപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(ഡി) നിയമനത്തിലുണ്ടായ അപാകത പരിഹരിച്ച് സംവരണതത്വം പാലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിലെ സിഡിപിഒ തസ്തികയുടെ റാങ്ക് പട്ടിക 4-8-2015-ന് നിലവിൽ വന്നു. ടി ലിസ്റ്റിൽനിന്നും 34 പേർക്ക് നിയമന ഉത്തരവ് നൽകി.

(ബി-ഡി) ടി റാങ്ക് പട്ടികയുടെ മെയിൻ റൊട്ടേഷൻ MRI 54 E -ൽ നിന്നാണ് തുടങ്ങിയിരിക്കുന്നത്.എൻ.ജെ.ഡി. -1, ഒ.സി. ഒഴിവും റ്റി.പി.ഒ.-1 എസ്.സി. ടേണും (MRI 52 SC) പെൻഡിംഗ് ഉണ്ടായിരുന്നു. ഇതുൾപ്പെടെ 3 എസ്.സി. ടേണുകളും (64,72) ഈ ലിസ്റ്റിൽനിന്നും നികത്തിയിട്ടുണ്ട്. ഒ.സി, ബി.സി. തമ്മിലുള്ള അനുപാതം നിലനിർത്തുന്നതിനായി 84 എസ്.സി. ടേൺ താത്കാലികമായി പാസ് ഓവർ (TPO) ചെയ്തിരിക്കുകയാണ്. ഒഴിവ് റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് ഈ ടേൺ സാറ്റിസ്ഫൈ ചെയ്യുന്നതാണ് എന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. അപ്പോയിൻമെന്റ് ചാർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഗസറ്റഡ് ഓഫീസർമാരുടെ ശമ്പളം സംബന്ധിച്ച ജോലി

43 (48) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഗസറ്റഡ് ഓഫീസർമാരുടെ ശമ്പളം സംബന്ധിച്ച ജോലികൾക്ക് പൊതുഭരണ വകുപ്പിൽ പുതുതായി എത്ര സെക്ഷനുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

ഗസറ്റഡ് ഓഫീസർമാരുടെ ശമ്പളം സംബന്ധിച്ച ജോലികൾക്ക് പൊതുഭരണ വകുപ്പിൽ പുതുതായി സെക്ഷനുകൾ ഒന്നും അനുവദിച്ചിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly